# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 1<br>January 1 | 2020 |
|---|---|

*1193 ധനു 16* ബുധൻ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**തിരുവാഭരണ ഘോഷയാത്രാ ക്രമീകരണങ്ങൾ വിലയിരുത്തി**

പന്തളത്തുനിന്നും ഈമാസം 13ന് ആരംഭിക്കുന്ന തിരുവാഭരണ ഘോഷയാത്രയ്ക്ക് വിവിധ സർക്കാർ വകുപ്പുകൾ ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾ ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ആർ.ബീനാറാണിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം വിലയിരുത്തി. ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നിർദേശപ്രകാരമാണ് യോഗം വിളിച്ചു ചേർത്തത്.

തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന പത്ത് പഞ്ചായത്തുകളിലെ തിരുവാഭരണ പാത നവീകരണം, കുടിവെള്ള വിതരണം, തെരുവ് വിളക്കുകൾ തുടങ്ങിയ കാര്യങ്ങളിൽ വിവിധ വകുപ്പുകൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ ഉദ്യോഗസ്ഥർ വിശദീകരിച്ചു. തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന സ്ഥലങ്ങളെ പോലീസ് നാല് സെക്ടറായി തിരിച്ച് നാല് ഡി.വൈ.എസ്.പിമാരുടെ നേതൃത്വത്തിൽ 350ഓളം ഉദ്യോഗസ്ഥരെ വിന്യസിക്കും. തിരുവാഭരണ ഘോഷയാത്രയെ പോലീസിന്റെ 30 സുരക്ഷാ ഉദ്യോഗസ്ഥർ അനുഗമിക്കും. തിരുവാഭരണ ഘോഷയാത്രയ്ക്കൊപ്പം ഫയർ ഫോഴ്സിന്റെ ഒരു ടീമിനെയും വാഹനവും രക്ഷാ ഉപകരണങ്ങളും സജ്ജമാക്കും.

തിരുവാഭരണ പാതയിലെ കാട് വെട്ടിതെളിക്കുന്ന പ്രവർത്തനം പൂർത്തിയായി വരുന്നതായി വനം വകുപ്പ് പ്രതിനിധി പറഞ്ഞു. ഘോഷയാത്രയെ വനം വകുപ്പിന്റെ എലിഫന്റ് സ്ക്വാഡ് അനുഗമിക്കും. തിരുവാഭരണപാതയിൽ അതത് പഞ്ചായത്തുകൾ നൽകുന്ന തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി സ്ഥാപിക്കും. ഘോഷയാത്രയോടൊപ്പം

കെ.എസ്.ഇ.ബി ര ് ലൈന്‍ സ്റ്റാഫിനെ എല്ലാ സമയവും ലഭ്യമാക്കും. തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന സ്ഥലങ്ങളിലെ പൈപ്പുകളില്‍ കുടിവെള്ളം ഉറപ്പുവരുത്തുമെന്ന് വാട്ടര്‍ അതോറിറ്റി പ്രതിനിധി പറഞ്ഞു. വടശേരിക്കര, റാന്നി-പെരുനാട് പഞ്ചായത്തുകള്‍ കുടിവെള്ള വിതരണത്തിന് വേ ക്രമീകരണങ്ങള്‍ ഏര്‍പ്പെടുത്തുമെന്ന് യോഗത്തില്‍ അറിയിച്ചു.

തിരുവാഭരണ ഘോഷയാത്രക്കൊപ്പം ആരോഗ്യ വകുപ്പിന്റെ മെഡിക്കല്‍ ടീമും ആംബുലന്‍സും അനുഗമിക്കും. തിരുവാഭരണ ഘോഷയാത്രയില്‍ വിവിധ വകുപ്പുകളുടെ ഏകോപനത്തിന് റവന്യൂ വകുപ്പില്‍നിന്ന് നോഡല്‍ ഓഫീസറെ ചുമതലപ്പെടുത്തും. യോഗത്തില്‍ വിവിധ വകുപ്പുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥര്‍ പങ്കെടുത്തു. തിരുവാഭരണ ഘോഷയാത്രയുമായി ബന്ധപ്പെട്ട് അവസാനവട്ട ക്രമീകരണങ്ങള്‍ വിലയിരുത്താന്‍ ജനുവരി ഏഴിന് ജില്ലാ കളക്ടര്‍ പി.ബി നൂഹിന്റെ അധ്യക്ഷതയില്‍ യോഗം ചേരും. (പിഎന്‍പി 3862/19)

**സൗജന്യപരിശീലനം**

തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്‍ഡ് ട്രെയിനിംഗ് ഇന്‍സ്റ്റിറ്റ്യൂട്ടില്‍ ഇറച്ചിക്കോഴി, മുട്ടക്കോഴി വളര്‍ത്തലില്‍ സൗജന്യ പരിശീലനം നല്‍കും. ഇറച്ചിക്കോഴി വളര്‍ത്തലില്‍ ഈമാസം ഒന്‍പതിനും പത്തിനും മുട്ടക്കോഴി വളര്‍ത്തലില്‍ 16നും 17നുമാണ് പരിശീലനം. താല്‍പര്യം ഉള്ളവര്‍ നേരിട്ടോ ഫോണ്‍ മുഖേനയോ ബന്ധപ്പെടണമെന്ന് ഡക്ക് ട്രെയിനിംഗ് ഇന്‍സ്റ്റിറ്റ്യൂട്ട് ആന്‍ഡ് ഹാച്ചറി അസിസ്റ്റന്റ് ഡയറക്ടര്‍ അറിയിച്ചു. പരിശീലനശേഷം സര്‍ട്ടിഫിക്കറ്റും നല്‍കും. ഫോണ്‍: 0469 2965535, 9188522711.

(പിഎന്‍പി 3863/19)

വാര്‍ഷിക പദ്ധതി നിര്‍വഹണം അവലോകനം ചെയ്തു

**വാര്‍ഷിക പദ്ധതി വിനിയോഗത്തില്‍ ജില്ല അഞ്ചാം സ്ഥാനത്ത്**

വാര്‍ഷിക പദ്ധതി വിനിയോഗത്തില്‍ പത്തനംതിട്ട ജില്ല സംസ്ഥാനത്ത് അഞ്ചാം സ്ഥാനത്ത്. ജില്ലയുടെ ആകെ വാര്‍ഷിക പദ്ധതി വിനിയോഗം 37.36 ശതമാനമാണ്. ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളുടെ വാര്‍ഷിക പദ്ധതി അവലോകനം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂര്‍ണാ ദേവിയുടെ അധ്യക്ഷതയില്‍ കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ ചേര്‍ന്ന യോഗം ഇക്കാര്യം വിലയിരുത്തി. വാര്‍ഷിക പദ്ധതി നിര്‍വഹണം സമയബന്ധിതമായി പൂര്‍ത്തിയാക്കണമെന്ന് എ.ഡി.എം അലക്സ് പി. തോമസ് നിര്‍ദേശിച്ചു.

മൈലപ്രയാണ് ജില്ലയില്‍ ഏറ്റവും അധികം വിഹിതം ചെലവഴിച്ച ഗ്രാമപഞ്ചായത്ത് 56.58 ശതമാനം. ബ്ലോക്ക് പഞ്ചായത്തുകളില്‍ 56.03 ശതമാനം വിനിയോഗിച്ച ഇലന്തൂരാണ് ഒന്നാമത്. നഗരസഭകളില്‍ 41.04 ശതമാനം വിനിയോഗിച്ച പന്തളം നഗരസഭയാണ് ഒന്നാമത്. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിനിയോഗം 29.13 ശതമാനമാണ്.

സംയുക്ത, സംയോജിത പദ്ധതികളുടെ വിവരണവും 2020-21 വാര്‍ഷിക പദ്ധതി രൂപീകരണവും നടപടിക്രമങ്ങളും കൂടാതെ പ്രളയബാധിത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് ലഭിച്ച പ്രത്യേക വിഹിത വിനിയോഗത്തെ സംബന്ധിച്ചും ജില്ലാ പ്ലാനിംഗ് ഓഫീസര്‍ വി.ജഗല്‍കുമാര്‍ വിശദീകരിച്ചു. 2020-21 വാര്‍ഷിക പദ്ധതിക്കൊപ്പം ദുരന്തനിവാരണ പദ്ധതി ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വാര്‍ഷിക പദ്ധതിക്കൊപ്പം നിര്‍ബന്ധമായും സമര്‍പ്പിക്കണം. ജനുവരി ഒന്നുമുതല്‍ പ്ലാസ്റ്റിക്ക് നിരോധനം നടപ്പാക്കുന്നതു സംബന്ധിച്ച വിവരങ്ങള്‍ ശുചിത്വമിഷന്‍ ജില്ലാ കോ-ഓര്‍ഡിനേറ്റര്‍ സി. രാധാകൃഷ്ണന്‍ യോഗത്തില്‍ വിശദീകരിച്ചു. പ്ലാസ്റ്റിക്ക് നിരോധനം നടപ്പാക്കുന്നതില്‍ തദ്ദേശ ഭരണസ്ഥാപനങ്ങള്‍ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

നിർദേശിച്ചു. ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എലിസബത്ത് അബു, സാം ഈപ്പൻ, ആർ.രാജീവ് കുമാർ, സർക്കാർ നോമിനി എൻ. രാജീവ്, ജനകീയ ആസൂത്രണ ജില്ലാ കോ-ഓഡിനേറ്റർ എം.കെ വാസു, ജില്ലാ പ്ലാനിംഗ് ഓഫീസർ വി.ജഗൽ കുമാർ, ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ വി.ആർ മുരളീധരൻ നായർ, തദ്ദേശ ഭരണസ്ഥാപന അധ്യക്ഷൻമാർ, സെക്രട്ടറിമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പിഎൻപി 3864/19)

**വനിതാ കമ്മീഷൻ മെഗാ അദാലത്ത്**

വനിതാ കമ്മീഷൻ മെഗാ അദാലത്ത് ജനുവരി 10ന് രാവിലെ 10.30 മുതൽ പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. (പിഎൻപി 3865/19)

**ഉത്സവ മേഖലയായി പ്രഖ്യാപിച്ചു**

മഞ്ഞനിക്കര പെരുന്നാൾ ആഘോഷം ഫെബ്രുവരി ര ു മുതൽ എട്ടു വരെ മഞ്ഞനിക്കര മോർ ഇഗ്നാത്തിയോസ് ദയറയിൽ നടക്കുന്നതിനാൽ ഇക്കാലയളവിൽ ഇത് ഉൾപ്പെടുന്ന മൂന്നു കിലോമീറ്റർ പ്രദേശം ഉത്സവ മേഖലയായി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്തരവായി. (പിഎൻപി 3866/19)

**തണൽ 2020 പദ്ധതിയുമായി ഹരിത കേരളം മിഷൻ**

പരിസ്ഥിതിയും ജൈവ വൈവിധ്യവും സംരക്ഷിക്കാനും കുട്ടികളെ പ്രകൃതിയുടെ കാവലാളാക്കാനും ലക്ഷ്യമിട്ട് തണൽ 2020 പദ്ധതി സംഘടിപ്പിക്കും. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വി.കോട്ടയം ഗവൺമെന്റ് എൽപി.സ്കൂളിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഒറ്റ തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് നിരോധനം സംസ്ഥാനത്ത് നടപ്പാക്കിയ സാഹചര്യത്തിൽ സ്കൂൾ വിദ്യാർഥികൾ ബോധവൽക്കരണ ക്യാമ്പയിനുകൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനത്തിന്റെ ജില്ലാ തല ഉദ്ഘാടനം ഇന്ന്(02) വൈകിട്ട് നാലിന് വി.കോട്ടയം.ഗവ.എൽപി.സ്കൂൾ ഓഡിറ്റോറിയത്തിൽ കെ.യു.ജനീഷ് കുമാർ എംഎൽഎ നിർവഹിക്കും.

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കി വരുന്ന പച്ചതുരുത്തിന്റെയും ഹരിത വിദ്യാലയത്തിന്റെയും പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കും. ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ. രാജേഷ് പദ്ധതി അവതരണം നടത്തും. തണൽ 2020 പദ്ധതിയുടെ ഭാഗമായി ഓലയിലും പാളയിലും നിർമിച്ച വിവിധതരം പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങളുടെ പ്രദർശനവും ഒരുക്കിയിട്ടു ്. പത്തനംതിട്ട റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിലുകളും, തുണി സഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേന അംഗങ്ങൾ നിർമിച്ച മുന്നൂറ് തുണി സഞ്ചികളും ചടങ്ങിൽ വിതരണം ചെയ്യും.

കുട്ടികൾ ജൈവ വൈവിധ്യം സംരക്ഷിക്കേ തിന്റെ ആവശ്യകതയെപ്പറ്റി നടക്കുന്ന സെമിനാർ ബി.എം.സി ജില്ലാ കോ-ഓർഡിനേറ്റർ മാത്യു എം.തോമസ്, പശ്ചിമഘട്ട സംരക്ഷണ സമിതി അംഗം റ്റി.എൻ സത്യൻ എന്നിവർ നയിക്കും. കലാ സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. (പിഎൻപി 3867/19)

**സി-ഡിറ്റിൽ മാധ്യമ കോഴ്സുകൾ**

സംസ്ഥാന സർക്കാർ സ്ഥാപനമായ സി-ഡിറ്റിന്റെ തിരുവനന്തപുരം കവടിയാർ കേന്ദ്രത്തിൽ വിഷ്വൽ മീഡിയ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തെ ഡിപ്ലോമ ഇൻ സൗ ് ഡിസൈൻ ആൻഡ് എഞ്ചിനീയറിംഗ് കോഴ്സ്,

ആറ് മാസത്തെ ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ കോഴ്സ്, ആറ് മാസത്തെ ഡിപ്ലോമ കോഴ്സ് ഇൻ വെബ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ്, മൂന്ന് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നോൺ ലീനിയർ എഡിറ്റിംഗ്(റഗുലർ/ ഈവനിംഗ്), മൂന്ന് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വീഡിയോഗ്രാഫി എന്നിവയ്ക്ക് പ്ലസ്ടുവാണ് യോഗ്യത.

അഞ്ച് ആഴ്ച ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സായ ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രഫിക്ക് (റഗുലർ/ഈവനിംഗ്) എസ്.എസ്.എൽ.സിയാണ് യോഗ്യത. അപേക്ഷിക്കാനുള്ള അവസാന തീയതി ജനുവരി 10. ഫോൺ 0471-2721917, 8547720167, 9388942802. വെബ്സൈറ്റ് https://mediastudies.cdit.org.

(പിഎൻപി 3868/19)

**ഭിന്നശേഷി കുട്ടികൾക്ക് കലോത്സവവുമായി**
**കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്ത്**

സാമൂഹിക നീതിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കലോത്സവം കുളത്തൂർ ഗവൺമെന്റ് എൽ.പി.സ്കൂളിൽ നടന്നു. കലോത്സവത്തിന്റെ ഉദ്ഘാടനം കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ദേവരാജൻ നിർവഹിച്ചു. അഞ്ച് മുതൽ 15വയസുവരെ പ്രായമുള്ള കുട്ടികൾക്കായാണ് കലോത്സവം സംഘടിപ്പിച്ചത്.

പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട കുട്ടികളും ചുങ്കപ്പാറയിൽ പ്രവർത്തിക്കുന്ന അസീസി സെന്ററിലെ കുട്ടികളും ഉൾപ്പെടെ 40 കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു. ചിത്രരചന, ലളിതഗാനം, മിമിക്രി, മോണോആക്ട്, തുടങ്ങിയ കലാമത്സരങ്ങളാണ് നടന്നത്. പങ്കെടുത്ത കുട്ടികൾക്കെല്ലാം അവാർഡ് നൽകി. കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കലോത്സവം നടത്തിയത്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി.വി വിജയൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കോട്ടാങ്ങൽ പഞ്ചായത്ത് സെക്രട്ടറി അനിൽകുമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ജോസി ഇലഞ്ഞിപ്പുറം, എബിൻ ബാബു, ടി.ഐ ഷാഹിദാബീവി, ആനി രാജു, ഐ.സി.ഡി.സി. സൂപ്പർവൈസർ സുമ, അങ്കണവാടി ജീവനക്കാർ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു. (പിഎൻപി 3869/19)

**ട്രാൻസ്ജെൻഡേഴ്സ് അദാലത്ത് 10 ന് തിരുവനന്തപുരത്ത്**

ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് യുവജന കമ്മീഷൻ സംസ്ഥാനതല അദാലത്ത് സംഘടിപ്പിക്കും. സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ അധ്യക്ഷതയിൽ 10ന് രാവിലെ 11 മുതൽ തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലാണ് അദാലത്ത്. 18 വയസിനും 40 വയസിനും മധ്യേ പ്രായമുള്ള ട്രാൻസ്ജെൻഡേഴ്സിൽ നിന്നും പരാതികളും നിർദേശങ്ങളും ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471-2308630 എന്ന നമ്പരിൽ ബന്ധപ്പെടണം. (പിഎൻപി 3870/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കലോത്സവം കുളത്തൂർ ഗവൺമെന്റ് എൽ.പി.സ്കൂളിൽ കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ദേവരാജൻ ഉദ്ഘാടനം ചെയ്യുന്നു.

2) തിരുവാഭരണ ഘോഷയാത്രയ്ക്ക് വിവിധ സർക്കാർ വകുപ്പുകൾ ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ

ആർ.ബീനാറാണിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം.



.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 1<br>January 1 | 2020 |
|---|---|

*1193 ധനു 16* ബുധൻ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ദേശീയ സമ്മതിദാന ദിനത്തിന് ആവേശം പകർന്ന് കത്തെഴുത്തു മത്സരം**

ദേശീയ സമ്മതിദാന ദിനത്തോട് അനുബന്ധിച്ച് സ്കൂൾ വിദ്യാർഥികൾക്കായി പത്തനംതിട്ട കാതോലിക്കറ്റ് കോളജ് ഓഡിറ്റോറിയത്തിൽ കത്തെഴുത്തു മത്സരം നടത്തി. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എൻ.കെ പ്രേംകുമാർ കത്തെഴുത്തു മത്സരം ഉദ്ഘാടനം ചെയ്തു.

നാളത്തെ പൗരന്മാരായി വളർന്നുവരുന്ന സമൂഹത്തിന് ബോധവൽക്കരണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. എട്ട് മുതൽ പന്ത്ര ാം ക്ലാസുവരെയുള്ള കുട്ടികളാണ് കത്തെഴുത്ത് മത്സരത്തിൽ പങ്കെടുത്തത്. 'ജനാധിപത്യത്തിൽ നാമാണ് നമ്മുടെ വിധികർത്താക്കൾ, നമ്മുടെ ഭാവിയുടെ വർണങ്ങൾ നിർണയിക്കുന്നതും നാം തന്നെയാണ് എന്ന വിഷയത്തെ ആസ്പദമാക്കിയാണ് കത്തെഴുത്തു മത്സരം നടന്നത്. ജില്ലയിലെ വിവിധ വിദ്യാലങ്ങളിൽ നിന്നുള്ള 64 വിദ്യാർഥികൾ കത്തെഴുത്തു മത്സരത്തിൽ പങ്കെടുത്തു. (പിഎൻപി 3871/19)

**ശബരിമല ഇന്ന് (2) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ**

ശബരിമല തീർഥാടനത്തോട് അനുബന്ധിച്ച് ഇന്ന് (2) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നിരവിൽ മെഡിക്കൽസ് കോന്നി, സെന്റ് ലൂക്ക് ഹോസ്പിറ്റൽ പത്തനംതിട്ട, സെന്റ് ജോർജ് മെഡിക്കൽസ് കോഴഞ്ചേരി, മീരാ മെഡിക്കൽസ് അടൂർ,

പുത്തൻവിളയിൽ മെഡിക്കൽസ് പന്തളം, പ്രധാന മന്ത്രി ഭാരതീയ ജനൗഷധി കേന്ദ്ര തിരുവല്ല, കൈരളി മെഡിക്കൽസ് പഴവങ്ങാടി റാന്നി, പ്രതിഭ മെഡിക്കൽസ് പെരുനാട്.

(പിഎൻപി 3872/19)

**റാങ്ക് ലിസ്റ്റ് റദ്ദായി**

പത്തനംതിട്ട ജില്ലയിൽ വിവിധ വകുപ്പുകളിൽ എച്ച്.എസ്.എ (ഹിന്ദി) തസ്തികയിലേക്ക് 2016 ഡിസംബർ ഏഴിന് നിലവിൽ വന്ന റാങ്ക് ലിസ്റ്റ് (റാങ്ക് ലിസ്റ്റ് നമ്പർ 797/2016/എസ്എസ് 2) കാലാവധി കഴിഞ്ഞതിനെ തുടർന്ന് റദ്ദായി. (പിഎൻപി 3873/19)

**പ്രോജക്ടിന് അപേക്ഷ ക്ഷണിച്ചു**

ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ 2018 ലെ പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്കുവേ ി പ്രോജക്ട് തയാറാക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷ പഞ്ചായത്തിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം ഈ മാസം ആറിന് വൈകിട്ട് മൂന്നിന് മുൻപായി പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കണം.

(പിഎൻപി 3874/19)

**സൗജന്യ പരിശീലനം**

പത്തനംതിട്ട എസ്.ബി.ഐ യുടെ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന ശാസ്ത്രീയ പശുപരിപാലനം, തീറ്റപ്പുൽ വളർത്തൽ എന്നിവയുടെ സൗജന്യ പരിശീലനങ്ങൾക്ക് താൽപര്യമുള്ളവർ 0468 2270244, 2270243 എന്നീ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യണം. (പിഎൻപി 3875/19)

**ഭരണഘടനാ സാക്ഷരതാ പരിപാടിയുടെ**
**ര ാംഘട്ടത്തിന് ജില്ലയിൽ തുടക്കമായി**

ഭരണഘടനാമൂല്യങ്ങൾ ജനങ്ങളിൽഎത്തിക്കാൻ സാക്ഷരതാ പ്രവർത്തകർ മുന്നിട്ടിറങ്ങണമെന്ന് ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊ ൂർ പറഞ്ഞു. സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ജനുവരി ഒന്നു മുതൽ ഗാന്ധിജിയുടെ രക്തസാക്ഷി ദിനമായ ജനുവരി 30 വരെ നടത്തുന്ന 'ഇന്ത്യ എന്ന റിപ്പബ്ലിക്' ര ാംഘട്ട ഭരണഘടനാ സാക്ഷരതാ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം പത്തനംതിട്ടയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ റിപ്പബ്ലിക് രൂപംകൊ തിന്റെ നാൾവഴികളും ഇന്ത്യൻ ഭരണഘടനയും ജനങ്ങളെ പരിചയപ്പെടുത്തുക എന്നതാണ് 'ഇന്ത്യ എന്ന റിപ്പബ്ലിക്' പരിപാടിയിലൂടെ സാക്ഷരതാമിഷൻ ലക്ഷ്യമിടുന്നത്.

സാക്ഷരതാമിഷൻ കോഴ്സ് കൺവീനർ അഫ്സൽ ആനപ്പാറ അധ്യക്ഷത വഹിച്ച ചടങ്ങിൽ സാക്ഷരതാമിഷൻ ജില്ലാ കോ -ഓർഡിനേറ്റർ ഡോ.വി.വി മാത്യു, അസി.കോ-ഓർഡിനേറ്റർ ഡോ.പി.മുരുകദാസ്, എസ്.അമീർജാൻ, രാജൻപടിയറ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. പി.എൻ.സുരേന്ദ്രൻ, ശശികല.എസ്.കുമാർ, ബിന്ദുമുകുന്ദൻ, ആർ.അശോകൻ, കെ.ശ്രീകുമാരി, വേണു വള്ളിക്കോട്, ഡി ശിവദാസ്, കെ. പി ഉഷാകുമാരി, എസ്.ബിന്ദു എന്നിവർ പങ്കെടുത്തു. (പിഎൻപി 3876/19)

**യോഗം നാലിന്**

തിരുവാഭരണപാതയിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതു സംബന്ധിച്ച നടപടികളുടെ പുരോഗതി ചർച്ച ചെയ്യുന്നതിന് ജനുവരി നാലിന് ഉച്ചകഴിഞ്ഞ് മൂന്നിന് കളക്ടറേറ്റിൽ യോഗം ചേരും. ബന്ധപ്പെട്ടവർ പങ്കെടുക്കണമെന്ന് എഡിഎം അറിയിച്ചു.

(പിഎൻപി 3877/19)

**ക്രിയാത്മക ഇടപെടൽ വെച്ചൂച്ചിറയെ ദേശീയ തലത്തിൽ മുന്നിലെത്തിച്ചു**

ജനക്ഷേമ പദ്ധതികൾ ക്രിയാത്മകമായി നടപ്പാക്കിയതിലൂടെ വെച്ചൂച്ചിറ ഗ്രാമയത്തിന് ഇന്ത്യയിലെ ഏറ്റവും മികച്ച പഞ്ചായത്തുകളിൽ എട്ടാം സ്ഥാനം. മെച്ചപ്പെട്ട റോഡ് സംവിധാനം ഒരുക്കൽ, ഉയർന്ന പ്രദേശത്ത് കുടിവെള്ളം എത്തിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ വിവിധ മേഖലകളിലെ കാര്യക്ഷമമായ ഇടപെടലാണ് വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിനെ ദേശീയ തലത്തിൽ മുന്നിലെത്തിച്ചത്. എനർജി ഓഡിറ്റിംഗ് പൂർത്തിയാക്കിയ സംസ്ഥാനത്തെ ര ാമത്തെ പഞ്ചായത്താണ് വെച്ചൂച്ചിറ.

ജില്ലയിലെ ആദ്യ സമ്പൂർണ ഊർജക്ഷമത പഞ്ചായത്ത് സ്ഥാനം, ജില്ലയിൽ മികച്ച ജൈവകൃഷി നടപ്പാക്കുന്നതിനുള്ള അവാർഡ്, ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ജില്ലയിൽ ആദ്യം നേടുന്ന ഗ്രാമപഞ്ചായത്ത് എന്നീ നേട്ടങ്ങളും വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കിയിട്ടു ്. ഈ വർഷത്തെ കാർഷിക പദ്ധതികൾ മുഴുവനും പൂർത്തിയാക്കാൻ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു. ഗ്രാമപഞ്ചായത്തിനെ സമ്പൂർണ തരിശുരഹിത പഞ്ചായത്തായി കൃഷി മന്ത്രി വിസ് സുനിൽകുമാർ കഴിഞ്ഞ മാസം പ്രഖ്യാപിച്ചിരുന്നു.

പഞ്ചായത്തിലെ ഹരിത കർമസേനയുടെ പ്രവർത്തനം മാതൃകാപരമാണ്. ജില്ലയിൽ ഏറ്റവുമധികം പാൽ ഉത്പാദിപ്പിക്കുന്ന ഗ്രാമപഞ്ചായത്താണ് വെച്ചൂച്ചിറ. തൊഴിലുറപ്പിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം മഴക്കുഴികൾ ഗ്രാമപഞ്ചായത്തിൽ നിർമിച്ചു. മഴവെള്ളം സംഭരിക്കാൻ 10000 ലിറ്ററിന്റെ 175 മഴവെള്ള സംഭരണികൾ നിർമിച്ചു. കിണർ റീ ചാർജ് പദ്ധതിയിലുൾപ്പെടുത്തി 400 കിണറുകൾ ഈ വർഷം മാർച്ചോടെ ഗ്രാമപഞ്ചായത്തിൽ നിർമാണം പൂർത്തിയാകും. (പിഎൻപി 3878/19)

**കോഴഞ്ചേരി താലൂക്ക്തല പരാതി പരിഹാര അദാലത്ത് 18ന്**

കോഴഞ്ചേരി താലൂക്ക് തല പരാതി പരിഹാര അദാലത്ത് ഈമാസം 18ന് രാവിലെ 9.30 മുതൽ പത്തനംതിട്ട ടൗൺഹാളിൽ നടക്കും. മൂന്നിന് വൈകിട്ട് അഞ്ചുവരെ പരാതികളും അപേക്ഷകളും വില്ലേജ് ഓഫിസുകളിലും, കോഴഞ്ചേരി താലൂക്ക് ഓഫീസിലും സ്വീകരിക്കും. അദാലത്ത് നടക്കുന്ന ദിവസം പത്തനംതിട്ട ടൗൺ ഹാളിലും അപേക്ഷകൾ സ്വീകരിക്കുമെന്ന് കോഴഞ്ചേരി തഹസീൽദാർ അറിയിച്ചു. (പിഎൻപി 3879/19)

**ഉപദേശക സമിതി യോഗം**

എസ്ബിഐ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഉപദേശക സമിതി യോഗം നാലിന് രാവിലെ 11ന് കളക്ടറേറ്റിൽ എഡിഎമ്മിന്റെ ചേംബറിൽ ചേരും.

(പിഎൻപി 3880/19)

**ജില്ലാതല ഏകോപന സമിതി യോഗം**

ഏഴാമത് സാമ്പത്തിക സെൻസസുമായി ബന്ധപ്പെട്ട ജില്ലാതല ഏകോപന സമിതിയുടെ ആദ്യ യോഗം ജനുവരി നാലിന് ഉച്ചകഴിഞ്ഞ് ര ിന് കളക്ടറേറ്റിൽ എഡിഎമ്മിന്റെ ചേംബറിൽ ചേരും. (പിഎൻപി 3881/19)

**അടൂർ താലൂക്ക് വികസന സമിതി യോഗം**

അടൂർ താലൂക്ക് വികസന സമിതിയോഗം ജനുവരി നാലിന് രാവിലെ 10.30ന് അടൂർ താലൂക്ക് ഓഫീസിൽ ചിറ്റയം ഗോപകുമാർ എംഎൽഎയുടെ അധ്യക്ഷതയിൽ നടക്കും. ബന്ധപ്പെട്ടവർ പങ്കെടുക്കണമെന്ന് തഹസീൽദാർ അറിയിച്ചു. (പിഎൻപി 3882/19)

**തുമ്പമണ്ണിലെ പാടങ്ങളെല്ലാം ഇനി കതിരണിയും**

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ വർഷങ്ങളോളം തരിശായിക്കിടന്നിരുന്ന 150 ഏക്കർ പാടശേഖരങ്ങൾ കതിരണിയാൻ തയാറെടുക്കുന്നു. പഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെ യും ഹരിത കേരളം മിഷന്റെയും നേതൃത്വത്തിലാണ് നെൽപാടങ്ങളെ തരിശുരഹിതമാക്കിയത്.

കഴിഞ്ഞ വർഷത്തേക്കാൾ എട്ട് ഹെക്ടറിൽ അധിക കൃഷി ഇറക്കിയാണ് ഗ്രാമത്തിൽ സമ്പൂർണ നെൽകൃഷി സാധ്യമാക്കിയത്. പാടശേഖര സമിതിയുടെ നേതൃത്വത്തിൽ അഞ്ച് അംഗങ്ങൾ അടങ്ങിയ ചെറുഗ്രൂപ്പുകളാണ് കൃഷി ഇറക്കിയത്. വിജയപുരം മാവര, മുട്ടം മാവര എന്നിവിടങ്ങളിൽ പ്രാദേശിക കർഷക കൂട്ടായ്മകളും തുമ്പമൺ മാവരയിൽ കുട്ടനാട്ടിൽ നിന്നെത്തിയ കർഷകസംഘവുമാണ് കൃഷി ചെയ്യുന്നത്. പഞ്ചായത്തിലെ ഹരിത കർമസേനയുടെ നേതൃത്വത്തിൽ എട്ട് ഏക്കറോളം നെൽകൃഷി ചെയ്തു. സമ്പൂർണ നെൽകൃഷി സാധ്യമാക്കാൻ എല്ലാ വകുപ്പുകളും ഒറ്റക്കെട്ടായി പ്രവർത്തിച്ചെന്നും പഞ്ചായത്ത് ഭരണ സമിതിയുടെ പൂർണ പിന്തുണ ഇതിനായി ലഭിച്ചുവെന്നും തുമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സഖറിയ വർഗീസ് പറഞ്ഞു. 50 ഏക്കറിൽ ഉടമസ്ഥർ തന്നെ കൃഷിയിറക്കിയത് തരിശുരഹിത കൃഷിക്ക് സഹായകരമായെന്നും അദ്ദേഹം പറഞ്ഞു.

കർഷക ഗ്രൂപ്പുകൾക്ക് ഗ്രാമീൺ ബാങ്കിൽ നിന്നും നാല് ശതമാനം പലിശയിൽ വായ്പ ലഭിച്ചതും കൃഷി വ്യാപനത്തിന് ശക്തി പകർന്നു. കൂടാതെ കൃഷി വകുപ്പിൽ നിന്ന് വിത്തും വളവും സൗജന്യമായി നല്കുകയും ചെയ്തു. തുമ്പമൺ ഗ്രാമപഞ്ചായത്തിനെ സ മ്പൂർണ തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യത്തിലെത്തിക്കാൻ എല്ലാ സഹായങ്ങളും കൃഷി വകുപ്പിൽ നിന്ന് ലഭ്യമാക്കുമെന്ന് കൃഷി ഓഫീസർ എസ്.പുഷ്പ പറഞ്ഞു. ഇതിനായി പുരയിട കൃഷി വ്യാപിപ്പിക്കുകയാണെന്നും നടീൽ വസ്തുക്കൾ നൽകുമെന്നും കൃഷി ഓഫീസർ പറഞ്ഞു. (പിഎൻപി 3883/19)

**ഫോട്ടോ അടിക്കുറിപ്പ്**

3) സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'ഇന്ത്യ എന്ന റിപ്പബ്ലിക് ' ര ാംഘട്ട ഭരണഘടനാ സാക്ഷരതാ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം പത്തനംതിട്ടയിൽ ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊ ൂർ നിർവഹിക്കുന്നു.

4) ദേശീയ സമ്മതിദാന ദിനത്തോട് അനുബന്ധിച്ച് സ്കൂൾ വിദ്യാർഥികൾക്കായി പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ഓഡിറ്റോറിയത്തിൽ നടത്തിയ കത്തെഴുത്തു മത്സരം.




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 1<br>January 1 | 2020 |
|---|---|

*1193 ധനു 16* ബുധൻ

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**സമ്പുഷ്ഠ കേരളം പദ്ധതി: വിവര ശേഖരണ സർവേ ആരംഭിച്ചു**

സ്ത്രീകളുടെയും കുട്ടികളുടെയും പോഷകക്കുറവ് പരിഹരിക്കാനായി നാഷണൽ ന്യൂട്രിഷൻ അഥവാ പോഷൺ അഭിയാന്റെ ഭാഗമായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച സമ്പുഷ്ഠ പദ്ധതിയുടെ വിവര ശേഖരണ സർവേ ആരംഭിച്ചു. മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുക, സ്ത്രീകളിലും കുട്ടികളിലുമുള്ള വിളർച്ചാ നിരക്ക് കുറയ്ക്കുക, നവജാത ശിശുക്കളുടെ തൂക്കക്കുറവ് പരിഹരിക്കുക, പുതുതലമുറയുടെ ആരോഗ്യ ശുചിത്വം മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

അംഗനവാടി പ്രവർത്തകർ വീടുകളിലെത്തി വിവരങ്ങൾ ശേഖരിച്ച് മൊബൈൽ ഫോണിലെ പ്രത്യേക ആപ്ലിക്കേഷൻ വഴിയാണ് വിവരങ്ങൾ അപ്ലോഡ് ചെയ്യുക. വിവര ശേഖരണം നടത്തുക വഴി കുട്ടികളിലെ വളർച്ചാ മുരടിപ്പ്, പോഷക ആഹാരക്കുറവ് എന്നിവ മനസിലാക്കാനും, അതിലൂടെ കുട്ടികൾക്ക് അടിയന്തിര പരിചരണം നൽകാനും സാധിക്കും. സർവേയിൽ കൃത്യ വിവരങ്ങൾ നൽകുന്നത് വഴി ജനങ്ങളുടെ പോഷകാഹാര പ്രശ്നങ്ങൾക്കു അടിയന്തിരമായി പരിഹാരം ക ത്താൻ സാധിക്കും.

(പിഎൻപി 3884/19)

**കോന്നി ലൈഫ് മിഷൻ കുടുംബസംഗമം ജനുവരി ഏഴിന്**

കോന്നി ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട എല്ലാഗ്രാമ പഞ്ചായത്തിലെയും ലൈഫ് മിഷൻ-പി.എം.എ.വൈ (ജി) ഭവന പദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയ

ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും ജനുവരി ഏഴിന് രാവിലെ ഒൻപത് മുതൽ പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. കുടുംബസംഗമത്തോടൊപ്പം ഇരുപതോളം വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കി അദാലത്ത് സംഘടിപ്പിക്കും. അഡ്വ.കെ.യു. ജനീഷ് കുമാർ എം.എൽ.എ ഉദ്ഘാടനം നിർവഹിക്കും.

ലൈഫ്–പി.എം.എ.വൈ (ജി) ഗുണഭോക്താക്കൾക്ക് കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമ പദ്ധതികളും സേവനങ്ങളും നേരിട്ട് ലഭ്യമാക്കുന്നതാണ് കുടുംബസംഗമം. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ. അധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, അംഗങ്ങൾ, ലൈഫ് ഗുണഭോക്താക്കൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 3885/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.